നിർഭാഗ്യവശാൽ നമ്മുടെ ഭരണഘടനാനിർമാതാക്കരം ഈ മേഖലയിൽ ആദർശത്തിൽ 'അടിയുറച്ച, ദൃഢമായ, ദീർഘവീക്ഷണമുള്ള ഒരു നിലപാട്ട സ്വീകരിക്കുകയുണ്ടായില്ല. മതന്യൂനപക്ഷങ്ങളിലെ അതിയാഥാസ്ഥിതികവിഭാഗത്തിൻെറ അതിർകടന്ന അവകാശവാദങ്ങരംക്കു പോലും കീഴടങ്ങിക്കൊടുക്കുന്ന ഒരുതരം പ്രീണനനയം (നട്ടെല്ലില്ലായ്മ എന്നു വേണമെങ്കിൽ അതിനെ വിളിക്കാം) ആണ്ട് അവർ അനുവർത്തിച്ചതു്. മതനിരപേക്ഷതയുടെ പേരിൽ ഒരുതരം മറുകണ്ടംചാടൽ ആയിരുന്നു അവർ ചെയ്തതു്. അതിൻെറ ദുഷ്ഫലമാണു് ഖാലിസ്ഥാൻവാദം പോലെയുള്ള വിഘടനപ്രസ്ഥാനങ്ങളുടെ രൂപത്തിൽ ഇന്നു നാം അനുഭവിക്കുന്നതു്.

'കേരളത്തിൽ ഇന്നും പ്രാബല്യത്തിലിരിക്കുന്ന 1916—ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിൻെറ സാധുത ചോദ്യം ചെയ്തു് ശ്രീമതി മേരി റോയി സമർപ്പിച്ച റിട്ട് ഹർജി സംബന്ധിച്ച വാദം കേട്ട സുപ്രീംകോടതിയുടെ ഫുരംബഞ്ചു്, ഈ വിഷയത്തിൽ ഉചിതമായ നിയമനിർമാണം നടത്താൻ കേരള ഗവണ്മെൻറിനു സ്വാതന്ത്ര്യമുണ്ടെന്നു പ്രഖ്യാപിച്ചതായി ഫെബ്രുവരി 8—ലെ 'മലയാളമനോരമ' യിൽ കാണുന്നു. 'ഇന്ത്യൻ പിന്തുടർച്ചാവകാശനിയമത്തിലെ വ്യവസ്ഥകരം കേരളത്തിലെ എല്ലാ ക്രൈസ്തവർക്കും, പ്രത്യേകിച്ച് സുറിയാനി ക്രിസ്ത്യാനികരംക്കു ബാധകമാക്കാവുന്നതാണെന്നും, ആ വ്യവസ്ഥകരം ഭരണഘടനാനുസൃതമാണെന്നും' സുപ്രീംകോർട്ടിൽ വിദഗ്ധനായ ഒരു അഭിഭാഷകൻ അഭിപ്രായപ്പെട്ടതായി ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസ്താവിക്കുന്നു.

സാമൂഹ്യബന്ധങ്ങളും സാമ്പത്തികബന്ധങ്ങളും ക്രമപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സിവിൽനിയമങ്ങളുടെ കാര്യത്തിൽ ഹിന്ദുവെന്നോ, മുസ്ലിമെന്നോ, ക്രിസ്ത്യനെന്നോ ഉള്ള വ്യത്യാസത്തിൻെറ പ്രസക്തി മനസ്സിലാക്കുക സാധാരണബുദ്ധിയുള്ളവർക്കു പ്രയാസമായിരിക്കും. എന്തിനു് കേരളഗവണ്മെൻറ് ഒരു 'ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം' ഉണ്ടാക്കണം? എന്തുകൊണ്ടു് സർവാശ്ലേഷകമായ ഒരൊററ സിവിൽ നിയമസംഹിത പാർലമെൻറ് ഉണ്ടാക്കി ഇന്ത്യയിലൊട്ടുക്കും എല്ലാ മതവിഭാഗങ്ങരംക്കുമായി നടപ്പിൽവരുത്തുന്നില്ല.

അകാലികളുടെ ഭരണഘടന ചുട്ടുകളയൽ ഭീഷണി ഉയർത്തുന്ന പ്രശ്നം, യഥാർത്ഥത്തിൽ ഇതാണു്.

ഒരു പൊതു സിവിൽനിയമസംഹിത ഉണ്ടാക്കി നടപ്പിൽവരുത്താൻ, മതനിരപേക്ഷരാഷ്ട്രമായ ഇന്ത്യക്കു് എന്നാണു് കഴിവും വിവേകവും കൈവരിക?

(9 ഫെബ്രുവരി, 1984)

# 49. പട്ടാളത്തിലും കക്ഷിരാഷ്ട്രീയം

ലോകത്തിൽ പല തരം ഭരണസമ്പ്രദായങ്ങരം ഇന്നു നിലനില്ക്കുന്നുണ്ടു്. ജാതി, മതം, ഭാഷ, സംസ്കാരം മുതലായ കാര്യങ്ങളിൽ ഒന്നിനൊന്നു വ്യത്യാസപ്പെട്ട എത്രയോ ജനവിഭാഗങ്ങരം പാർക്കുന്ന വിശാലമായ ഇന്ത്യയിൽ എല്ലാ ജനവിഭാഗങ്ങരംക്കും പരമാവധി സ്വാതന്ത്ര്യവും വികസനത്തിനു പരമാവധി സൗകര്യവും നൽകുക പാർലമെൻററി ജനാധിപത്യമെന്ന ഭരണസമ്പ്രദായം ആയിരിക്കുമെന്നു കരുതിയാണു് സ്വാതന്ത്ര്യഭാരതശില്പികരം നമ്മുടെ ഭരണഘടനയ്ക്കു രൂപം നൽകിയതു്.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് സർക്കാരിൽ നിയമനിർമാണത്തിനും ഭരണനിർവഹണത്തിനും നീതിന്യായപരിപാലനത്തിനും ചുമതലപ്പെട്ട മൂന്നു വ്യത്യസ്ത വിഭാഗങ്ങളുണ്ട്. പാർലമെൻറും നിയമസഭകളും ചേർന്നതാണു നിയമനിർമാണവിഭാഗം. ഈ വിഭാഗം രാഷ്ട്രീയകക്ഷികളുടെ നിയന്ത്രണത്തിലാണ്. കക്ഷികരം കക്ഷി അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനു നില്ക്കുന്നു. ജയിച്ചവർ ചേർന്നു നിയമനിർമാണവിഭാഗമായിത്തീരുന്നു. അതായത്, ഗവണ്മെൻറിലെ നിയമനിർമാണവിഭാഗം കക്ഷിരാഷ്ട്രീയത്തിന് ഉഴിഞ്ഞിട്ടിരിക്കുകയാണ്.

എന്നാൽ, ഭരണനിർവഹണവിഭാഗത്തിലും നീതിന്യായപരിപാലനവിഭാഗത്തിലും കക്ഷിരാഷ്ട്രീയം കടന്നുവന്നുകൂടാ എന്നു ഭരണഘടന നിർമിച്ചവർക്കു നിർബന്ധം ഉണ്ടായിരുന്നു. നിയമനിർമാണവിഭാഗത്തിൽ ഭൂരിപക്ഷം നേടിയവർ മന്ത്രിസഭ രൂപവല്ക്കരിക്കുന്നു. പക്ഷേ, മന്ത്രിസഭ ഏതെങ്കിലും കക്ഷിയുടെ പ്രാതിനിധ്യമല്ല, നിയമനിർമാണവിഭാഗത്തിൻെറ മുഴുവൻ പ്രാതിനിധ്യമാണു വഹിക്കുന്നതു്. ആ നിലയിൽ മന്ത്രിമാർ എല്ലാ കക്ഷികളുടെയും പ്രതിനിധികരം അത്രേ. ഇവരാണു ഭരണനിർവഹണവിഭാഗത്തെ നിയന്ത്രിക്കുന്നതു്. ഭരണനിർവ്വഹണവിഭാഗത്തിൽ രാഷ്ട്രീയകക്ഷികളുടെ നയങ്ങരം മന്ത്രിമാരിലൂടെ പ്രതിഫലിക്കുന്നു. എങ്കിലും ഭരണനിർവഹണവിഭാഗം കക്ഷികരംക്ക് അതീതമായിരിക്കും. സ്ഫടികപ്പാത്രംപോലെയാണു ഭരണനിർവഹണവിഭാഗം. അതിൽ വച്ച സാധനത്തിൻെറ നിറം സ്ഫടികപ്പാത്രം കൈക്കൊള്ളുന്നു. പക്ഷേ, സ്ഫടികപ്പാത്രത്തിനു സ്വന്തമായി നിറമൊന്നുമില്ല. അതുപോലെ നിയമനിർമാണവിഭാഗം തീരുമാനിക്കുന്ന നയം നിർവഹണവിഭാഗം നടപ്പിൽവരുത്തുന്നു. ഇതല്ലാതെ നിർവഹണവിഭാഗത്തിനു കക്ഷിച്ചായ്‌വ് ഉണ്ടായിക്കൂടാ.

സെക്രട്ടേറിയററും കളക്ടറേററുംമുതൽ, ഗ്രാമത്തിലുള്ള ചെറിയ ഉദ്യോഗസ്ഥൻവരെ, ഉള്ളവർ അടങ്ങുന്നതാണു ഭരണനിർവഹണവിഭാഗം. പോലീസും സൈന്യവും പല പേരുകളിലുള്ള പ്രാദേശികസേനകളും ഭരണനിർവഹണവിഭാഗത്തിൽപ്പെടുന്നു. ഇവർക്കൊന്നും കക്ഷിരാഷ്ട്രീയം അരുതു്. ഇതാണു നമ്മുടെ ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യത്തിൻെറ അടിസ്ഥാനതത്ത്വം. നേരേമറിച്ച്, പാക്കിസ്ഥാനിലും ബംഗ്ലാദേശിലും മററും നിലവിലുള്ള ഭരണസമ്പ്രദായത്തിൽ, നിയമനിർമാണവിഭാഗം, ഒന്നുകിൽ ഇല്ല, അല്ലെങ്കിൽ അതിനു പ്രാധാന്യമില്ല. അതിനാൽ അവിടെ രാഷ്ട്രീയകക്ഷികളുമില്ല. ഉള്ളതു പട്ടാളമാണ്. പട്ടാളം നയം രൂപവല്ക്കരിക്കുന്നു. ആ നയം ഭരണനിർവഹണവിഭാഗം (സെക്രട്ടേറിയററും കളക്ടറേററും മററും) നടപ്പിൽവരുത്തുന്നു.

പാർലമെൻററി ഭരണസംവിധാനത്തിലെ മൂന്നാമത്തെ വിഭാഗം നീതിന്യായപരിപാലനത്തിനു ചുമതലപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതികരം, കീഴ്ക്കോടതികരം എന്നിവ അടങ്ങിയതാണ്. നിയമനിർമാണവിഭാഗം ഭരണഘടനയ്ക്കു വിധേയമായി ഉണ്ടാക്കുന്ന നിയമങ്ങരം സംബന്ധിച്ച തർക്കങ്ങളിൽ കക്ഷിപരിഗണന കൂടാതെ തീർപ്പു കല്പിക്കുകയാണ് ഈ വിഭാഗത്തിൻെറ കർത്തവ്യം. നീതിന്യായപരിപാലനവിഭാഗത്തിൽ കക്ഷിരാഷ്ട്രീയം ഉണ്ടായിക്കൂടെന്നു പറയേണ്ടതില്ല.

ഭരണഘടനാനിർമാതാക്കരം ജനാധിപത്യത്തിന് അടിസ്ഥാനമായി കരുതിപ്പോന്നിരുന്ന ഈ തത്ത്വത്തെ, തല്ക്കാലം ലാഭം മുൻനിർത്തി, നാം വീണ്ടുവിചാരമെന്യേ ലംഘിച്ചുകൊണ്ടിരിക്കുകയാണ്. കക്ഷിപരിഗണനയ്ക്കു തികച്ചും അതീതമായിരിക്കേണ്ട നീതിന്യായപരിപാലനവിഭാഗത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നതു പലപ്പോഴും കക്ഷിപരിഗണനകരംവച്ചാണ്. തെരഞ്ഞെടുക്കപ്പെട്ട

ശേഷം ഇവരിൽ പലരും കക്ഷിപരിഗണനകൾക്ക് അതീതരായി പ്രവർത്തിച്ചിട്ടുണ്ടാവാം. അതിന് എല്ലാ സ്തുതിയും അവർക്കു നല്കുക. അതേ സമയം, കക്ഷിപരിഗണനവച്ച് തെരഞ്ഞെടുക്കപ്പെട്ട പല നീതിന്യായ പരിപാലകരും തങ്ങളുടെ കക്ഷികളുടെ താല്പര്യം മുൻനിർത്തി നിയമം വളച്ചൊടിച്ച് വ്യാഖ്യാനിച്ചിട്ടുള്ളതിന് ഉദാഹരണങ്ങൾ കുറവല്ല.

ഭരണനിർവഹണവിഭാഗത്തിൽ കക്ഷിരാഷ്ട്രീയം കടന്നുവന്നാലത്തെ കുഴപ്പങ്ങൾ പറഞ്ഞറിയിക്കേണ്ടതില്ല. നിർഭാഗ്യവശാൽ, നമ്മുടെ രാഷ്ട്രീയകക്ഷികൾ എല്ലാംതന്നെ ശ്രമിക്കുന്നത് ഭരണനിർവഹണവിഭാഗത്തിൽ തങ്ങളുടെ പിടിമുറുക്കാനാണ്. എല്ലാ രാഷ്ട്രീയകക്ഷികളും തങ്ങളുടേതായ എൻ. ജി. ഒ. സംഘടനകൾ രൂപവല്ക്കരിച്ചിരിക്കുന്നു. രാഷ്ട്രീയാടിസ്ഥാനത്തിൽ പോലീസുകാരെയും സംഘടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ സർക്കാരിനെക്കൊണ്ട് ഏതെങ്കിലും ഒരു നടപടി എടുപ്പിക്കണമെങ്കിൽ, ഈ രാഷ്ട്രീയകക്ഷികളെയും അവരുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥന്മാരെയും പ്രസാദിപ്പിക്കാതെ തരമില്ലെന്നുവന്നിരിക്കുന്നു. നമ്മുടെ നാട്ടിൽ ജനജീവിതം പരമദുസ്സഹമായിട്ടുണ്ടെങ്കിൽ അതിന്റെ മുഖ്യകാരണം ഭരണനിർവഹണവിഭാഗത്തിൽ കക്ഷിരാഷ്ട്രീയം കുത്തിച്ചെലുത്തിയതുതന്നെയാകുന്നു.

ഭാഗ്യവശാൽ ഇന്ത്യൻ പട്ടാളത്തിൽ ഇന്നോളം പരസ്യമായി കക്ഷിരാഷ്ട്രീയം കുത്തിച്ചെലുത്തിയിരുന്നില്ല. അതിനാൽ അയൽരാജ്യമായ പാക്കിസ്ഥാനിലും ബംഗ്ലാദേശിലുമെന്നപോലെ, ആഭ്യന്തര ഭരണകാര്യങ്ങളിൽ ഇന്ത്യൻപട്ടാളം ഇതുവരെ തലയിടുകയുണ്ടായില്ല. മാത്രമല്ല, ഇന്ത്യയെ ഏകീകരിച്ചുനിറുത്തുന്ന ശക്തികളിൽ പ്രധാനപ്പെട്ടത് ഇപ്പോഴും ഇന്ത്യൻസേനതന്നെയാണ്. പല മതക്കാരും വർഗക്കാരും ഭാഷക്കാരും ജാതിക്കാരും അടങ്ങിയ ഈ രാഷ്ട്രം പല ശകലങ്ങളായി ചിതറിപ്പോകാതെ കാത്തുവരുന്നതും ഇന്ത്യൻ സൈന്യംതന്നെ.

ഈ പട്ടാളത്തിലും കക്ഷിരാഷ്ട്രീയം നുഴഞ്ഞുകയറിയാലോ?

ഇപ്പോൾ, നമ്മുടെ കൺമുമ്പിൽ, അതാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്.

പഞ്ചാബിലെ അകാലികൾ ഒരു പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കയാണല്ലോ. സിക്കുകാർക്കു ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ, ഏറെക്കുറെ പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു സ്റ്റേററ് എന്ന നിലയിൽ പുനഃസംഘടിപ്പിക്കണം എന്നതാണ് അവരുടെ പ്രധാന ആവശ്യം. 'ആനന്ദ്പുർ സാഹിബിലെ തീരുമാനങ്ങൾ' എന്ന് അവർ ആവർത്തിച്ചു പറയാറുള്ളതിന്റെ സാരാംശം ഇതാണ്.

ഈ ലക്ഷ്യം നേടാൻ സിക്കുകാർക്കിടയിലെ 'അകാലികൾ' എന്ന മിതവാദിവിഭാഗവും 'ദൽഖാൽസാ' എന്ന തീവ്രവാദിവിഭാഗവും ചേർന്ന് ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമലംഘനം മുതൽ അക്രമംവരെയുള്ള ഒരു നടപടിയും ഈ സമരത്തിൽനിന്ന് ഒഴിവാക്കിയിട്ടില്ല.

ഈ സമരത്തിനു പട്ടാളത്തിന്റെ പിന്തുണ നേടുവാനായി അകാലികൾ ഇക്കഴിഞ്ഞ ഡിസംബർ 23-ാം തീയതി അമൃത്സറിൽ 'പിരിഞ്ഞുപോയ പട്ടാളക്കാരുടെ' ഒരു സമ്മേളനം വിളിച്ചുകൂട്ടി. പട്ടാളത്തിൽനിന്നു പിരിഞ്ഞ ഇരുപതു ലക്ഷത്തോളം സിക്കുകാർ ഉണ്ടത്രേ. തങ്ങളുടെ സമരത്തിൽ പങ്കെടുക്കുന്നതിന് ഈ മുൻപട്ടാളക്കാരെ സംഘടിപ്പിക്കാൻ സിക്കുകാരെ ഉപദേശിച്ചത് ഡൽഹിയിലെ ഷാഹി ഇമാം ആയിരുന്നുവെന്ന് ഡിസംബർ 26-ലെ 'ഹിന്ദു' റിപ്പോർട്ട്ചെയ്തിട്ടുണ്ട്. ഇന്ദിരാഗാന്ധിയെ അധികാരത്തിൽനിന്നും പുറംതള്ളിയ സമരത്തിലെ നേതൃത്വവും ഇതേ ഷാഹി ഇമാമിനായിരുന്നു എന്ന് ഓർക്കുക.

ഏതായാലും അകാലികൾ ഈ ഉപദേശം കൈക്കൊണ്ടു. അങ്ങനെയാണ് അമൃത്സറിലെ എക്സ്സർവീസ് മെൻ സമ്മേളനം രൂപംകൊണ്ടതു്.

ഈ സമ്മേളനത്തിൽ അയ്യായിരം മുൻപട്ടാളക്കാർ പങ്കെടുത്തു. ഇവരിൽ, ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ ആറു ജനറൽമാരും അറുപത്തിമൂന്നു കേണൽമാരും ഇരുപത്തേഴു ബ്രിഗേഡിയർമാരും അടക്കം പല ഓഫീസർമാരും ഉൾപ്പെട്ടിരുന്നതായി ഡിസംബർ 25—ലെ 'ഹിന്ദു'വിൽ കാണുന്നു.

അകാലിമാരുടെ സമരത്തിൽ സഹായിക്കാനായി സിക്കുകാരായ മുൻപട്ടാളക്കാരുടെ ഒരു 'സെൽ' സമ്മേളനത്തിൽവച്ചു രൂപവൽക്കരിക്കപ്പെട്ടു. മുൻപട്ടാളക്കാരായ സിക്കുകാരെ ഉടനടി പടക്കളത്തിലിറക്കാൻ ഏതായാലും ഉദ്ദേശ്യമില്ല. അവരെ ഒരു റിസർവ് വിഭാഗമായി കരുതാനും, ജനവരി 26—നു ശേഷം സമരത്തിൽ പങ്കെടുപ്പിക്കാനുമാണു തീരുമാനിച്ചിട്ടുള്ളതു്.

ഈ സമ്മേളനം അകാലികളുടെ ആത്മവീര്യം വർദ്ധിപ്പിച്ചിട്ടുള്ളതായി പഞ്ചാബിലെ പത്രങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുണ്ടു്. അകാലികൾ കൂടിയാലോചനയ്ക്കു തയ്യാറാണെങ്കിൽ കേന്ദ്രനേതാക്കൾ അവരെ കാണാൻ ചണ്ഡീഗഢിലേക്കു ചെല്ലാമെന്നു് രാജ്യരക്ഷാമന്ത്രി ശ്രീ ആർ. വെങ്കിട്ടരാമൻ ഈ സമ്മേളനത്തിനുശേഷം പ്രസ്താവിക്കുകയുണ്ടായി. മന്ത്രി രേഖാമൂലം ആവശ്യപ്പെട്ടാലേ ഈ അപേക്ഷ ഞങ്ങൾ പരിഗണിക്കൂ എന്നു് അകാലിനേതാവു് ഹർചന്ദ്സിംഹ് ലോംഗോവാൽ ഇതിനു മറുപടിയും കൊടുത്തു. അകാലികൾ മുൻപട്ടാളക്കാരെ രംഗത്തിറക്കുന്നതിനെ കേന്ദ്രഗവണ്മെൻറ് എത്രമാത്രം ആശങ്കയോടെയാണു വീക്ഷിക്കുന്നതു് എന്നു് ഇതിൽനിന്നു വ്യക്തമാകുന്നു.

മുൻപട്ടാളക്കാരെ സംഘടിപ്പിക്കുന്നതുകൊണ്ടു് അകാലികൾ ഉദ്ദേശിക്കുന്നതെന്താണു്? നിയമവിധേയമായ ഒരു സത്യാഗ്രഹസമരമാണു് അവർ വിഭാവനംചെയ്യുന്നതെങ്കിൽ, അതിനു മുൻപട്ടാളക്കാരെ വേറിട്ടു സംഘടിപ്പിക്കണമോ? അതോ കേന്ദ്രഗവണ്മെൻറിനെതിരെ ഈ മുൻപട്ടാളക്കാരുടെ നേതൃത്വത്തിൽ ഒരു ഗറില്ലാസമരം സംഘടിപ്പിക്കാൻ അകാലികൾക്കു് ഉദ്ദേശമുണ്ടോ? നാഗാലാൻഡിലും മണിപ്പൂരിലും മററും ഉള്ളതുപോലെ, നിയമവിധേയമായ സമരത്തിനു പുറമേ ഒരു സായുധകലാപവും പഞ്ചാബിൽ പൊട്ടിപ്പുറപ്പെടുമോ? 'ആറു ജനറൽമാരും അറുപത്തിമൂന്നു കേണൽമാരും ഇരുപത്തേഴു ബ്രിഗേഡിയർമാരും' ഉൾപ്പെട്ട ഒരു നിയമവിരുദ്ധ ഗറില്ലാസേന, നമ്മുടെ സായുധസേനയിൽ എന്തു പ്രതികരണമാണു സൃഷ്ടിക്കുക?

1946—ൽ ബോംബെയിലുണ്ടായ നാവികകലാപം ബ്രിട്ടീഷ് ഗവണ്മെൻറിൽ ഉളവാക്കിയ അതേ അങ്കലാപ്പു് ഇപ്പോഴത്തെ കേന്ദ്രഗവണ്മെൻറിൽ ഉളവാക്കാൻ ഉദ്ദേശിച്ചാണത്രേ അകാലികൾ ഡിസംബർ 23—ലെ അമൃത്സർ സമ്മേളനം വിളിച്ചുകൂട്ടിയതു്.

'അകാലിനേതാക്കൾ ഇപ്പോൾ ഉണ്ടാക്കിവരുന്ന കുഴപ്പങ്ങളിൽ കവിഞ്ഞ ഒന്നും ഉണ്ടാക്കാൻ സിക്കുകാരായ മുൻ പട്ടാളക്കാരെ സംഘടിപ്പിച്ചാലും അവർക്കു കഴിയുകയില്ല' എന്നു് ഡിസംബർ 26—ലെ 'ഹിന്ദു'വിൽ അവരുടെ ചണ്ഡീഗഢ് ലേഖകൻ പറയുന്നു.

അതും വിശ്വസിച്ചു് കൈയുംകെട്ടി ഇരിക്കാമോ?

(30 ജനവരി, 1983)